**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1279

02/05/2017 - ൽ മറുപടിക്ക്

**കുടുംബശ്രീയുടെ പ്രവർത്തന വിപുലീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഏതെല്ലാം പുതിയ മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) സേവനമേഖല, കാർഷിക-മൃഗസംരക്ഷണ മേഖല, സ്ത്രീ ശാക്തീകരണ മേഖല, സംരംഭ മേഖല, സാമ്പത്തിക മേഖല എന്നിവയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട റയിൽവേ സ്റ്റേഷനുകളിൽ ഉൾപ്പെടെ നാടൻ ഉത്പന്നങ്ങൾ കുടുംബശ്രീ വഴി വിറ്റഴിക്കുന്നതിനുള്ള കിയോസ്കുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; കുടുംബശ്രീ വഴി റയിൽവേ സ്റ്റേഷനുകളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ ഇത്തരം പദ്ധതികൾക്ക് റയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) ഇതുവരെയും പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. നിലവിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ വെജിറ്റേറിയൻ റിഫ്രഷ്മെന്റ് റൂമിന്റെ നടത്തിപ്പ് കുടുംബശ്രീ യൂണിറ്റ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇപ്രകാരം മറ്റു സ്റ്റേഷനുകളിലും റെയിൽവേ അനുമതി തരുന്ന മുറയ്ക്ക് ഭക്ഷണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചെങ്ങന്നൂർ ഒഴികെയുള്ള യിടങ്ങളിൽ ഇത്തരം പദ്ധതിയ്ക്ക് റെയിൽവേയിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. |
| (സി) സംസ്ഥാനത്തെ പ്രധാന പാർക്കിംഗ് ഏരിയകളിൽ പാർക്കിംഗ് ഫീസ് കുടുംബശ്രീ പ്രവർത്തകർ വഴി പിരിച്ചെടുക്കുന്ന തരത്തിലുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) ഉണ്ട്. നിലവിൽ സതേൺ റെയിൽവേയും കുടുംബശ്രീയും സംയുക്തമായി പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ പാർക്കിംഗ് മാനേജ്മെന്റ് റവന്യൂ ഷെയറിംഗ് മാതൃകയിൽ നിർവ്വഹിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിന്റെ പാർക്കിംഗും നിർവ്വഹിച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി യുടെയും മറ്റു സ്ഥാപനങ്ങളുടെയും പാർക്കിംഗ് അനുബന്ധ ജോലികൾ കുടുംബശ്രീ യൂണിറ്റുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ